സ്പ്രേയിംഗ് നടത്തി. തുടർന്ന് നടത്തിയ പരീക്ഷണങ്ങളിൽ അസാഡിറക്ടിൽ (0.004%) എന്ന ജൈവകീടനാശിനി മണ്ഡരി നിയന്ത്രണത്തിന് അത്യുത്തമമായി കണ്ടു. ഈ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കൃഷിത്തോട്ടങ്ങളിൽ ഊർജ്ജിത കേരസംരക്ഷണപരിപാടിയിൽ മണ്ഡരികീടനിയന്ത്രണവും ശാസ്ത്രീയ വളപ്രയോഗവും ഉൾപ്പെടുത്തി. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഡെമോൺസ്ട്രേഷൻ നടന്നുവരുന്നു.

(സി) ആദ്യപരീക്ഷണങ്ങളിൽ വേപ്പണ്ണ-വെളുത്തുള്ളി മിശ്രിതം ഡെയിക്കോഫോൾ, മൈക്രോബൈൻഡ്സ് വെറ്റബിൾ സൾഫർ എന്നിവ തളിച്ചാൽ കീടബാധ കുറയുമെന്നു കാണുകയുണ്ടായി. പിന്നീടുള്ള പരീക്ഷണങ്ങളിൽ അസാഡിറക്ടിൻ (0.004%) എന്ന ജൈവ കീടനാശിനി തെങ്ങൊന്നിന് 4 മി. ലി. എന്ന കണക്കിനു വർഷത്തിൽ മൂന്നുതവണ തെങ്ങിന്റെ മുകളിൽനിന്നും മൂന്നു മുതൽ ഏഴുവരെ കുലകളിൽ തളിച്ചാൽ മണ്ഡരിയെ നിയന്ത്രിക്കാമെന്നു കണ്ടെത്തുകയുണ്ടായി.

(ഡി) ഉണ്ട്. മണ്ഡരി കീടബാധമൂലം കൊപ്രയുൽപ്പാദനത്തിൽ 25%-ത്തോളം കുറവുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ വ്യാപകമായ തെങ്ങോലപ്പുഴുരോഗം

82 (1877) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വ്യാപകമായി തെങ്ങോലപ്പുഴുരോഗം ബാധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചത് എന്നാണെന്നും നടപടികൾക്കായി നിർദ്ദേശം നൽകിയത് എന്നാണെന്നും വെളിപ്പെടുത്താമോ ;

(സി) കാർഷിക സർവ്വകലാശാല ഇത് സംബന്ധിച്ച് പഠനം നടത്തുന്നുണ്ടോ ; ഇല്ലെങ്കിൽ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2003 മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ് റിപ്പോർട്ട് ലഭിച്ചത്. ഉടൻതന്നെ നിയന്ത്രണ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കാർഷിക സർവ്വകലാശാല പഠനം നടത്തുകയും കീടനിയന്ത്രണ മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly